# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2642 — 17.10.2016 ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം

| ചോദ്യം: | മറുപടി : |
|---|---|
| ശ്രീ. ശ്രീ.പി.കെ.ബഷീർ: | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം നടത്തണമെന്ന് ഡോ. എം.എ.ഉമ്മൻ കമ്മിറ്റി ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പിനോട് ശുപാർശ ചെയ്തിരുന്നോയെന്ന് വ്യക്തമാക്കമോ; വിശദാംശം നൽകമോ;<br><br>ബി) പ്രസ്തുത ഫയലിൽ നാളിതു വരെയായി സ്വീകരിച്ച നട പടികൾ സംബന്ധിച്ച വിശദാംശം നൽകമോ; | (എ) യും (ബി) യും<br><br>2007 ന് മുൻപുള്ള പത്ത് വർഷക്കാലത്തെ വികേന്ദ്രീകരണാസൂത്രണം വികസനം എന്നിവ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായാണ് 30.01.2007 ലെ സ.ഉ (സാധാ) 326/2007/തസ്വഭവ ഉത്തരവ് പ്രകാരം ഡോ. എം.എ ഉമ്മൻകമ്മിറ്റി രൂപീകരിച്ചിരുന്നത്. ജോലിഭാരം സംബന്ധിച്ച് വിശദമായി കണക്കാക്കി തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ പ്രാഥമിക വിവര ശേഖരണത്തിനായി സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥനെ ഓരോ പഞ്ചായത്തിലും ഒന്നുവീതവും മുൻസിപ്പാലിറ്റി കോർപ്പറേഷൻ തലത്തിൽ ആവശ്യാനുസരണവും നിയമിക്കേണ്ട ആവശ്യമുണ്ടെന്ന് കമ്മറ്റി റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിലേയ്ക്കായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കായി 1219 സ്റ്റാറ്റിസ്റ്റിക്കൽ തസ്തികകൾ ആവശ്യമായി വരുമെന്ന് കമ്മിറ്റി മുമ്പാകെ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടർ സമർപ്പിച്ചിരുന്ന കുറിപ്പിൽ വ്യക്തമാക്കിയിരുന്നു വെന്നും പരാമർശിക്കുന്നുണ്ട്. ഇതിൻമേൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് ഒരു സ്റ്റഡിഗ്രൂപ്പ് രൂപീകരിച്ച് സാമ്പത്തിക സ്ഥിതിവിവര |

| | | | |
|---|---|---|---|
| | | | ക്കണക്ക് വകുപ്പിലും വിവിധ വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റി ക്കൽ യൂണിറ്റിലും ഒരു വർക്ക് സ്റ്റഡി നടത്തി വർക്ക് ലോഡിന് ആനുപാതികമായുള്ള തസ്തികകൾ കണക്കാക്കി അധികമായി കണ്ടെത്തുന്ന ജീവനക്കാരെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായി വരുന്ന പുതുതായി നിർദ്ദേശിക്കപ്പെട്ട തസ്തികകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനാണ് കമ്മിറ്റി ശുപാർശ ചെയ്തിരുന്നത്. ഇത് പ്രകാരം സ്റ്റഡി ഗ്രൂപ്പ് രൂപീകരിച്ച് വർക്ക്സ്റ്റഡി നടത്തിയിട്ടില്ല. |
| സി) | പ്രസ്തുത വിഷയം സംബ ന്ധിച്ച് ശ്രീമതി അതുല്യാ നായർ കെ. വി., ശ്രീമതി സൗമ്യ കൊച്ചു കുഞ്ഞ്, ശ്രീമതി ഫാത്തിമ ബീവി, ശ്രീ. അഷറഫ് എം. എന്നിവരുടെ അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | സി) | അപേക്ഷകൾ ,ലഭിച്ചിരുന്നു. പരിശോധിച്ചു വരുന്നു |
| ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളിൽ പദ്ധതി നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിനും വിവിധ തരത്തിലായ സർവേകൾ നടത്തുന്നതിനും ഡോ. എം.എ. ഉമ്മൻ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ഡി) | സ്റ്റഡിഗ്രൂപ്പ് രൂപീകരിച്ച് വർക്ക് സ്റ്റഡി നടത്തിയതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ